**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5065** **11-08-2021 - ൽ മറുപടിയ്ക്ക്**

**കേരള എൻവിറോ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കുന്നത്തുനാട് മണ്ഡലത്തിലെ അമ്പലമേട് ഫെർട്ടിലൈസേഴ്സ് ആന്റ് കെമിക്കൽസ് ട്രാവൻകൂർ ലിമിറ്റഡ് ക്യാമ്പസിൽ പ്രവർത്തിക്കുന്ന കേരള എൻവിറോ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന് സംസ്ഥാനത്ത് ഉല്പാദിപ്പിക്കപ്പെടുന്ന ബയോ മെഡിക്കൽ വേസ്റ്റ് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (എ) | ഗാർഹിക-സ്ഥാപനതലങ്ങളിൽ സൃഷ്ടിക്കപ്പെടുന്ന ഗാർഹിക ബയോമെഡിക്കൽ മാലിന്യങ്ങളായ യൂസ്ഡ് സിറിഞ്ചുകൾ, യൂസ്ഡ് മെഡിസിൻ സ്ട്രിപ്പ്, കാലഹരണപ്പെട്ട മരുന്നുകൾ, സാനിറ്ററി മാലിന്യങ്ങളായ സാനിറ്ററി നാപ്കിൻ, സാനിറ്ററി ഡയപ്പർ, അഡൽറ്റ് ഡയപ്പർ തുടങ്ങിയവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ശേഖരിച്ച് കേരള എൻവിറോ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് ഉടമസ്ഥതയിൽ കൊച്ചിയിലെ അമ്പലമേട് പ്രവർത്തനമാരംഭിച്ച കോമൺ ബയോമെഡിക്കൽ ട്രീറ്റ്മെന്റ് ഫെസിലിറ്റി മുഖേന സംസ്കരിക്കുന്ന പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ കൊച്ചി, കളമശ്ശേരി, തൃക്കാക്കര, ആലുവ, ചേർത്തല, ആലപ്പുഴ എന്നീ നഗരസഭകളിൽ നടപ്പിലാക്കുന്നതിന് ലക്ഷ്യമിടുന്നുണ്ട്. പദ്ധതിയുടെ ഭാഗമായി ഭവന സമുച്ചയങ്ങൾ/ ഗാർഹിക/സ്ഥാപന തലങ്ങളിൽ നിന്നും ബയോമെഡിക്കൽ/സാനിറ്ററി മാലിന്യങ്ങൾ ശേഖരിക്കുന്നതിലേക്കായി തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ പ്രവർത്തിച്ച് വരുന്ന ഹരിതകർമ്മ സേനകൾക്ക് ആവശ്യമായ പരിശീലനം നൽകി ചുമതലപ്പെടുത്തുന്നതിനാണ് ഉദ്ദേശിക്കുന്നത് |

സെക്ഷൻ ഓഫീസർ